# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4 — 02-03-2020 ലെ മറുപടിക്ക്

ചോദ്യം
ശ്രീ. കെ. ജെ. മാക്സി

മറുപടി
ശ്രീ. പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി

### കേന്ദ്ര സർക്കാർ ബഡ്ജറ്റ് നിർദ്ദേശങ്ങൾ

| | | |
|---|---|---|
| (എ) | 2020-21 – ലെ കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തെ അവഗണിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | 2020-21 കേന്ദ്ര ബജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാരിന്റെ ചുവടെ ചേർക്കുന്ന ആവശ്യങ്ങൾ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് കേന്ദ്ര ധനകാര്യ മന്ത്രിക്ക് കത്ത് നൽകിയിരുന്നു.<br>1. കേരളത്തെ ബാധിച്ച പ്രളയത്തിന്റെ അടിസ്ഥാനത്തിലും GST കൗൺസിൽ പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സംസ്ഥാനങ്ങൾക്ക് പ്രത്യേക പരിഗണന നൽകണമെന്നു നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലും GST യ്ക്കു മേൽ സ്പെഷ്യൽ സെസ്സ് ഏർപ്പെടുത്താൻ അനുവദിക്കുക.<br>2. Multilateral Agency കളിൽ നിന്നും എടുക്കുന്ന ലോണുകൾ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്താതിരിക്കുക.<br>3. സംസ്ഥാന സർക്കാർ റബ്ബർ കർഷകർക്ക് സബ്സിഡി നൽകി വരുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ നിലവിലെ താങ്ങുവിലയായ കിലോയ്ക്ക് 150 രൂപ കേന്ദ്ര സഹായമായി 50 രൂപയോടു കൂടി 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുക കേന്ദ്ര ബഡ്ജറ്റിൽ അനുവദിക്കുക.<br>4. കണ്ണൂർ ജില്ലയിൽ ഒരു ആയുർവേദ അന്താരാഷ്ട്ര റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനായി തുക അനുവദിക്കുക.<br>5. 56,442 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന തിരുവനന്തപുരം മുതൽ കാസറഗോഡ് വരെയുള്ള 531 കി.മീ ദൂരത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന അതിവേഗ റെയിൽവേ പാതയുമായി ബന്ധപ്പെട്ട് World Bank, ADB, JICA എന്നിവയിലേതെങ്കിലുമൊന്നിൽ നിന്നും ധനസമാഹരണം നടത്തുന്നതിനായി സംസ്ഥാനത്തിന് അനുമതി നൽകുക.<br>6. കോഴിക്കോട് സംസ്ഥാന സർക്കാർ കണ്ടെത്തിയിട്ടുള്ള 200 ഏക്കർ സ്ഥലത്ത് AIIMS നു തുല്യമായൊരു മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി ധനസഹായം അനുവദിക്കുക.<br>7. മലബാർ മേഖലയിലെ നിർദ്ധന കാൻസർ രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്ന തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിനെ കേന്ദ്ര സർക്കാരിന്റെ Rashtriya Arogya Nidhi Programme ൽ ഉൾപ്പെടുത്തുക.<br>8. Cochin Shipyard, FACT, മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് അധിക ധനനിക്ഷേപം നടത്തുക ഈ സ്ഥാപനങ്ങളിൽ സ്വകാര്യവത്കരണം അനുവദിക്കാതിരിക്കുക. |
| (ബി) | കേന്ദ്രത്തോട് സംസ്ഥാന സർക്കാർ എന്തെല്ലാം ആവശ്യപ്പെട്ടു; അതിൽ ലഭ്യമായവ ഏതൊക്കെ ; വിശദാംശം ലഭ്യമാക്കുമോ ; | |

| | | |
|---|---|---|
| | | എന്നാൽ, സംസ്ഥാനത്തിന്റെ ഈ ആവശ്യങ്ങൾ സംബന്ധിച്ച് 2020-21 ലെ കേന്ദ്ര ബജറ്റിൽ പ്രഖ്യാപനങ്ങളൊന്നും ഉണ്ടായിട്ടില്ല. ഇതിനു പുറമേ സംസ്ഥാനത്തിനു ലഭ്യമാകേണ്ട കേന്ദ്ര നികുതി വിഹിതത്തിലും ഗണ്യമായ കുറവാണ് കേന്ദ്ര ബഡ്ജറ്റിൽ വരുത്തിയിട്ടുള്ളത്. |
| (സി) | കേന്ദ്ര സർക്കാർ ബഡ്ജറ്റ് നിർദ്ദേശങ്ങൾ വഴി പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കാനുള്ള നടപടി സ്വീകരിക്കുന്നത് സംസ്ഥാനത്തെ എത്തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ റിഫൈനറി, തിരുവനന്തപുരം ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ്, പാലക്കാട്ടെ ബിമൽ (BEML), എന്നിവയുടെ ഓഹരികൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ ആരംഭിച്ചിട്ടുണ്ട്. കൊച്ചിൻ റിഫൈനറി പോലുള്ള ഒരു സ്ഥാപനം സ്വകാര്യവൽക്കരിക്കുന്നത് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിച്ചുകൊണ്ടിരിക്കുന്ന 30,000ത്തോളം ജീവനക്കാരെ പ്രതികൂലമായി ബാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതോടൊപ്പം തന്നെ പ്രസ്തുത സ്ഥാപനത്തിന്റെ സാമൂഹിക പ്രതിബദ്ധത പദ്ധതി പ്രകാരം സംസ്ഥാനത്തിന് ലഭിച്ചിരുന്ന വിവിധ വികസന പദ്ധതികൾ നിർത്തലാക്കപ്പെടുന്നതിനും തൊഴിലവസരങ്ങൾ കുറയ്ക്കുന്നതിനുംഇടയാക്കും.<br>കേന്ദ്ര സർക്കാർ ലാഭത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെപ്പോലും വിറ്റഴിക്കുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ പിന്തുടരുന്നത്. ഇതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കലും സ്വകാര്യവൽക്കരണവും നടത്തുമ്പോൾ പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനായി സംസ്ഥാന സർക്കാർ വിട്ടുകൊടുത്ത സ്ഥലവും വസ്തുക്കളും സർക്കാരിനു നഷ്ടപ്പെടുവാൻ സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം മുൻകൂട്ടി ഉന്നയിച്ചോ നിയമവഴികളിലൂടെയോ സംസ്ഥാന സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്താനും പൊതു താൽപ്പര്യം സംരക്ഷിക്കാനുമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണറുടെ (ലാൻഡ് അസൈൻമെന്റ്) നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. |

Sajeev

അക്കൗണ്ട്സ് ഓഫീസർ